പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1459

14/12/2012 - ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് വേതനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. എ.എ. അസീസ് | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|
| (എ) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവർക്ക് നൽകുന്ന ദിവസ വേതനം എത്രയാണ് ; | (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവർക്ക് നൽകുന്ന ദിവസ വേതനം 164 രൂപയാണ് |
| (ബി) പ്രസ്തുത വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) സംസ്ഥാന തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ ദിവസ വേതനം 200 രൂപയാക്കി വർദ്ധിപ്പിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. |
| (സി) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്തു കൊണ്ടിരിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് പ്രസ്തുത പദ്ധതി വഴി തൊഴിലാളിക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് പ്രവൃത്തിസ്ഥലത്ത് പരിക്ക് പറ്റിയാൽ പ്രഥമശുശ്രൂഷ/ സൗജന്യ ചികിത്സ, ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ പ്രസ്തുത വ്യക്തിയ്ക്ക് പ്രവൃത്തി സ്ഥലത്ത് തുടർന്നുള്ള ദിവസങ്ങളിൽ പണിയെടുത്തിരുന്നെങ്കിൽ കിട്ടുമായിരുന്ന കൂലിയുടെ പകുതിക്ക് തുല്യമായ തുക ദിനബത്ത, പ്രവൃത്തിക്കിടയിൽ തൊഴിലാളിക്കോ അവരെ അനുഗമിക്കുന്ന കുട്ടിക്കോ മരണം/സ്ഥിരം അംഗവൈകല്യം സംഭവിച്ചാൽ 25000/- രൂപ എക്സ്-ഗ്രേഷ്യ എന്നിവ നൽകുന്നു. |

സെക്ഷൻ ഓഫീസർ